# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 973 20.03.2013-ൽ മറുപടിയ്ക്ക്

## ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാനുള്ള നടപടി

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 31.3.2011 ലെ ജി.ഒ (ആർ.ടി) 394/11/എസ്.സി.എസ്.ടി.ഡി.ഡി നമ്പർ ഉത്തരവു പ്രകാരം എസ്.സി വകുപ്പിനു കീഴിൽ അനുവദിച്ച ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) | പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് KHRWS ന് മതിയായ പരിചയ മില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KHRWS നോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നൽകാമെന്ന് തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ; | (ബി) | അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ഏജൻസി പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (സി) & (ഡി) | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയാണ് നിർവ്വഹണ ഏജൻസി. ടി ഏജൻസി പുതിയ പ്രൊപ്പോസൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കേ പ്രവർത്തനം ആരംഭിക്കുന്ന കാര്യം തീരുമാനിക്കുവാൻ കഴിയൂ. |
| (ഡി) | പ്രസ്തുത സ്ഥാപനം എന്നത്തേക്ക് കണ്ണമ്പ്ര പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | | |

[signature] KJ

സെക്ഷൻ ആഫീസർ